LIBRARY ARCHIVES Kerala Legislative Assembly

സർക്കാരിൽ നിന്നുള്ള ഗ്രാന്റോ മറ്റ് സാമ്പത്തിക സഹായങ്ങളോ കേരള പോലീസ് ഹൗസിംഗ് ആൻഡ് കൺസ്ട്രക്ഷൻ കോർപ്പറേഷന് നൽകുന്നില്ല. നിർമ്മാണ പ്രവർത്തനങ്ങളിൽനിന്നും സൂപ്പർവിഷൻ ചാർജ്ജിനത്തിൽ ലഭ്യമാകുന്ന നാമ മാത്രമായ തുകകൊണ്ടാണ് ഈ സ്ഥാപനത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ നടത്തിവരുന്നത്. സർക്കാർ ഉത്തരവുകൾ പ്രകാരം വിവിധ തസ്തികകളിലെ കരാർ ജീവനക്കാർക്ക് നിഷ്കർഷിച്ച വേതനംപോലും നൽകാൻ സാധിക്കാത്ത സാഹചര്യത്തിൽ അംഗീകൃത തസ്തികകൾ സൃഷ്ടിക്കുന്നതോ 179 ദിവസത്തേയ്ക്ക മാത്രമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുന്നതോ പ്രായോഗികമല്ല. ആയതിനാൽ എംപ്ലോയ്മെന്റ് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. കെ.പി.എച്ച്.സി.സി-യിൽ കരാർ നിയമനം നടത്തുന്നതിലേയ്ക്കായി വെബ്സൈറ്റ് മുഖേനയും പത്രപരസ്യം മുഖേനയും ആവശ്യമായ തസ്തികകളിൽ എഴുത്തു പരീക്ഷയുടെയും അഭിമുഖത്തിന്റെയും അടിസ്ഥാനത്തിൽ തികച്ചും സുതാര്യമായ രീതിയിലാണ് നിയമനം നടത്തുന്നത്. നിയമന കാലാവധിയായ 145 ദിവസം തീരുന്ന മുറയ്ക്ക് പിരിച്ചുവിടുകയും ആവശ്യമെങ്കിൽ അവരുടെ പ്രായോഗിക പരിജ്ഞാനം കണക്കിലെടുത്ത് വീണ്ടും നിയമനം നൽകുകയുമാണ് ചെയ്തുവരുന്നത്.

സൈബർ-സാമ്പത്തിക കുറ്റകൃത്യങ്ങൾ തടയുന്നതിന് നടപടി

132 (4857) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ?

ഇ-കോമേഴ്സ് സജീവമായതോടെ ഓൺലൈൻ വ്യാപാരത്തിലെ കുറ്റകൃത്യങ്ങൾ, എ.ടി.എം. തട്ടിപ്പ്, സാമൂഹ്യമാധ്യമങ്ങൾ വഴിയുള്ള തട്ടിപ്പ്, ഓഹരി കമ്പോളത്തിലെ കബളിപ്പിക്കൽ എന്നിവ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സൈബർ, സാമ്പത്തിക കുറ്റകൃത്യങ്ങൾ അന്വേഷിക്കാൻ പരിശീലനം നേടിയ പോലീസ് ഉദ്യോഗസ്ഥരെ നിയമിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. ഓൺലൈൻ തട്ടിപ്പുകളടക്കമുള്ള സൈബർ ക്രൈം കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നതിന് സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സൈബർ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചു. ഈ പോലീസ് സ്റ്റേഷനുകളിൽ സൈബർ കേസുകളുടെ കുറ്റാന്വേഷണത്തിന് പരിശീലനം നേടിയ ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്. നിർമ്മിതബുദ്ധി സാങ്കേതികവിദ്യ കുറ്റാന്വേഷണത്തിൽ പ്രയോജനപ്പെടുത്തുന്നുണ്ട്.